
അക്കാദമിക
മാസ്റ്റർ
പ്ലാൻ

## ആമുഖം

ചരിത്ര പ്രസിദ്ധമായ കുണ്ടറ വിളംബരം നടന്ന കുണ്ടറയിൽ വേലുത്തമ്പിയുടെ സ്മാരകം സ്ഥാപിച്ചിരിക്കുന്ന സന്നിധിയിൽ നിന്നും ഏകദേശം 3km അകലെയുള്ള ചെമ്മക്കാട് പ്രശാന്ത സുന്ദരമായ അഷ്ടമുടിക്കായലിന്റെ തീരത്ത് ശാന്തസുന്ദരമായ പച്ചിലത്തോട്ടങ്ങളോട് ചേർന്ന് സ്കൂൾ സ്ഥിതി ചെയ്യുന്നു. രാഷ്ട്രീയ സാംസ്കാരിക വിദ്യാഭ്യാസ രംഗത്ത് പല ഉന്നത സ്ഥാനീയരെയും വാർത്തെടുത്ത വർഷം പഴക്കമുള്ള വിദ്യാലയ മുത്തശ്ശിയാണ്. പ്രകൃതി എന്റെ അമ്മ എന്ന ബോധം കുട്ടിക്കുരുന്നുകളിൽ ഊട്ടിയുറപ്പിച്ച് പ്രകൃതി സ്നേഹം സഹോദരസ്നേഹം എന്ന പാതയിലൂടെ സുന്ദരമായൊരു ഭാവി സാക്ഷാത്കരിക്കുക.

# സ്കൂൾ ചരിത്രം

കൊല്ലം ജില്ലയിൽ പെരിനാട് പഞ്ചായത്തിൽ 18-ാം വാർഡിൽ അഞ്ചാലുംമൂട് Jnൽ നിന്നും ഏകദേശം ½km ഉള്ളിലായി അഷ്ടമുടിക്കായലിന്റെ ഓരത്ത് ലിറ്റിൽ ഫ്ലവർ സ്കൂൾ 1924-ൽ സ്ഥാപിതമായി. കൊല്ലം മെത്രാനായിരുന്ന ബെൻസിഗർ പിതാവ് സ്ഥാപിച്ച ഈ സ്കൂളിൽ I, II ക്ലാസുകൾ മാത്രമാണ് ആദ്യമുണ്ടായിരുന്നത്. 8 വർഷങ്ങൾക്കു ശേഷം I to IV വരെ std ആയി. മേൽക്കൂര ഓടുപാകിയ ഈ സ്കൂൾ fit ആണെങ്കിലും പഴക്കമുണ്ട്. ഭാഗികമായി ചുറ്റുമതിലും ഒരു കൊച്ചു പൂന്തോട്ടവുമുള്ള ഈ സ്കൂളിൽ H.M ഉൾപ്പെടെ 4 അദ്ധ്യാപകരെയാണ് നിയമിച്ചിട്ടുള്ളത്

# പൊതുലക്ഷ്യങ്ങൾ

പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനായി സമഗ്രഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കുക. വായിച്ചു വളരുക, ചിന്തിച്ചു വിവേകം നേടുക എന്ന മഹത്‌വചനം പ്രാവർത്തികമാക്കുവാൻ വിദ്യാർത്ഥി സമൂഹത്തെ വായനയുടെയും, എഴുത്തിന്റെയും, ചിന്താശേഷിയുടെയും ലോകത്തേക്ക് കൈപിടിച്ചു നടത്തുക.

* പൂർണ്ണമായും ശിശുകേന്ദ്രീകൃതമായി അംഗൻവാടി, പ്രീപ്രൈമറി സ്കൂളിലെ വിദ്യാർത്ഥി സമീപനത്തിൽ, ആധുനികമായി പരിഷ്കരിക്കുകയും അതിനനുസരിച്ച് അധ്യാപക പരിശീലനം സംഘടിപ്പിക്കുകയും അഞ്ചുവയസ്സുവരെ കുട്ടി ആർജ്ജിക്കേണ്ട കഴിവുകൾ ആർജ്ജിച്ചു എന്നു ഉറപ്പുവരുത്തുകയും ചെയ്യുക.
* 1 മുതൽ 4 വരെ ഓരോ ക്ലാസ്സിലും കുട്ടി ആർജ്ജിക്കേണ്ട ശേഷികളും അന്താരാഷ്ട്ര നിലവാരമുള്ള ധാരണകളും നൈപുണികളും കഴിവിനനുസരിച്ച് നേടിയിട്ടുണ്ട് എന്ന് ഉറപ്പു വരുത്തുക.

* കുട്ടികളുടെ കഴിവ് വിജയ പഠനത്തിൽ ഗുണങ്ങളെ
സർഗ്ഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്ന
തരത്തിൽ സമഗ്രവികസനം ലക്ഷ്യമാക്കുക വഴി
യഥാർത്ഥ വിദ്യാഭ്യാസ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ.
എന്ന് ഉറപ്പുവരുത്തുക.

* ഉന്നത നിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ
ഭൗതിക, മാനസിക, സാംസ്കാരിക സ്രോതസ്സുകൾ ഒരുക്കുക.

* കാർഷിക സംസ്കാരം പുതിയ തലമുറയിൽ
വളർത്തിയെടുക്കുക.

* മാലിന്യ നിർമ്മാർജ്ജനം ഒരു സംസ്കാരമായി
രൂപപ്പെടുത്തിയെടുക്കുക.

* മദ്യപാനം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം
പുതിയ തലമുറയിൽ നിന്നു ഒഴിവാക്കാനാവുന്ന
തരത്തിൽ ഇടപെടലുകൾ നടത്തുക.

* പ്ലാസ്റ്റിക് മുക്ത- കീടനാശിനി മുക്ത- ലഹരിമുക്ത
കാമ്പസുകൾ സൃഷ്ടിക്കുക.

* സ്കൂൾ തലത്തിൽ കുട്ടികളുടെ കൊഴിഞ്ഞുപോക്ക്
ഇല്ലാത്ത അവസ്ഥ നേടുക.

* പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക
പരിഗണനകൾ നൽകി മുഖ്യധാരയിൽ എത്തി-
ക്കുക.

* വിദ്യാഭ്യാസത്തിന്റെ ജനാധിപത്യവത്കരണം അർത്ഥപൂർണ്ണമാക്കുക.
* സ്കൂൾ വായനശാലകളും ലബോറട്ടറികളും ആധുനികവത്കരിക്കുക.
* സ്കൂൾ കുട്ടികൾക്ക് കൗൺസിലിങ് സൗകര്യങ്ങൾ ഉണ്ടാക്കുക.
* വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുവാൻ ജനകീയ സംവിധാനങ്ങൾ ഒരുക്കുക.

# അക്കാദമിക വികസന കാഴ്ചപ്പാട്

വായിച്ചു വളരുക, ചിന്തിച്ച് വിവേകം നേടുക എന്ന മഹത് വചനത്തിനുവേണ്ടി വിദ്യാർത്ഥി സമൂഹത്തെ വായനയുടെയും എഴുത്തിന്റേയും പാതയിലേക്ക് നയിക്കൽ ഒരു മഹത് സംരംഭം. വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളെയും മികച്ച വായനക്കാരനാക്കുക, ഒപ്പം മികച്ച എഴുത്തുകാരനാക്കുക. ഈ ലക്ഷ്യം നേടുന്നതിനായി പിന്നോക്കം നിൽക്കുന്നവരെയും കൂടി മുൻപന്തിയിലെത്തിച്ച് വായനയും എഴുത്തും ഒരു നവ്യാനുഭവമാക്കി വിദ്യാലയത്തെ ഒരു സർഗ്ഗാത്മകമാക്കി മാറ്റുവാനുള്ള ഒരു നൂതന സംരംഭമാണ് ഞങ്ങൾ വിഭാവനം ചെയ്യുന്നത്. പ്രകൃതി മനുഷ്യന് മാത്രം അവകാശപ്പെട്ടതല്ലെന്നുള്ള പാരിസ്ഥിതികാവബോധം പാഠ്യപദ്ധതി പകർന്നു നൽകേണ്ടതുണ്ട്. സമഗ്രമായ പാരിസ്ഥിതികാവബോധം സൃഷ്ടിക്കുക എന്നത് പാഠ്യപദ്ധതിയുടെ ലക്ഷ്യങ്ങളിലൊന്നാണ്. സുസ്ഥിര വികസനത്തെ സംബന്ധിക്കുന്ന കാഴ്ചപ്പാടുകളും അന്വേഷണങ്ങളും പാഠ്യപദ്ധതി ഉയർത്തിപ്പിടി-

വിദ്യാലയം എന്ന ആശയം മുൻനിർത്തിയുള്ള ഒരു ശിശുസൗഹൃദ വിദ്യാലയമാണ് ഞങ്ങളുടെ കാഴ്ചപ്പാട്. പൂർവ്വവിദ്യാർത്ഥി സംഘടനകൾ എന്നിവരുടെ സഹായത്തോടെ അലോചിതമായ വികസനം ഉറപ്പാക്കുക. പഠനത്തെ പരിസരബന്ധിയും ജീവിതഗന്ധിയുമാക്കുക. ആവാസ പരിസര സാധ്യതകൾ പ്രയോജനപ്പെടുത്തുകയും സ്കൂൾ ക്യാമ്പസിനെ ഒരു പാഠപുസ്തകമായി വികസിപ്പിക്കുകയും ചെയ്യുക. സാമൂഹികവും, കുടുംബപരവും, സാമ്പത്തികവുമായ കാരണങ്ങളാൽ പഠനം നിർത്താൻ നിർബന്ധിതരായ വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾ പഠിക്കുവാനും, പരിഹാരം ഉണ്ടാക്കുവാനും പ്രാദേശിക സംവിധാനങ്ങൾ ഏർപ്പെടുത്തും. കായിക ക്ഷമത ഉറപ്പാക്കുന്നതിന് സമഗ്ര പരിപാടി നടപ്പിലാക്കുക. ഓരോ പ്രദേശത്തിന്റെയും സ്ഥാപനങ്ങളുടെയും സാധ്യതകൾ പരിഗണിച്ച് ഇൻഡോർ, ഔട്ട്ഡോർ കളികൾ പ്രോത്സാഹിപ്പിക്കുക.

പ്ലാസ്റ്റിക് ഉൽപന്നങ്ങൾ വിദ്യാലയത്തിൽ ശേഖരിച്ച് സംസ്കരിക്കുന്നതിനുള്ള കേന്ദ്രീകരണം ഏർപ്പെടുത്തും. പ്ലാസ്റ്റിക് വിമുക്ത കാമ്പസുകൾക്ക് പാരിതോഷികം നൽകും. മാലിന്യങ്ങൾ ഉറവിടത്തിൽ

തന്നെ വേർതിരിക്കുന്നത് ഒരു ശീലവും ജീവിത
രീതിയാകും. സ്കൂൾ ഘട്ടത്തിൽ തന്നെ മണ്ണുള്ള
പ്രവർത്തനപദ്ധതികൾ ഉണ്ടാകും. കാർഷിക സംസ്കാരം
പുതിയ തലമുറയിൽ വളർത്തിയെടുക്കുന്നതിന്റെ
ഭാഗമായി ശാസ്ത്രീയമായ കൃഷിരീതികൾ പരിചയ-
പ്പെടുത്തും. വിദ്യാലയത്തിൽ വിദ്യാർത്ഥികളുടെ
പങ്കാളിത്തത്തോടെ ജൈവകൃഷി പരിപോഷിപ്പിക്കും.

| Sl No | Programme | Activity | കാലയളവ് | ഭൗതികം | ചിലവുകൾ/ സാമ്പത്തികം |
|---|---|---|---|---|---|
| 1. | കുട്ടികളുടെ ഭാഷാപരമായ കഴിവുകൾ വികസിപ്പിക്കൽ | * കുട്ടികളുമായി സൗഹൃദസംഭാഷണം നടത്താൻ സ്വന്തം അനുഭവങ്ങൾ പറയാൻ അവസരം നൽകൽ.<br>* കഥ കേൾപ്പിക്കൽ<br>* പാട്ടുകൾ കേൾക്കൽ<br>* ICT സാധ്യത ഉപയോഗിച്ച് കണ്ട ദൃശ്യങ്ങൾ പറയൽ.<br>* [illegible] പേപ്പർ ത്താനങ്ങൾ, സ്വന്തം-ചിത്രരചന, ചിത്രങ്ങൾക്ക് നിറം നൽകൽ, സ്വന്തം കൈപ്പത്തിയുടെ ഔട്ട്‌ലൈൻ വരയ്ക്കൽ, കൊളാഷ് നിർമ്മാണം | ജൂൺ. ജൂലൈ | ICT സാധ്യതകൾ<br>* പദകാർഡ്<br>* ചിത്രകാർഡ് | |
| 2. | വായന/എഴുത്ത് കഴിവുകൾ | | | | |

| | | | | | |
|---|---|---|---|---|---|
| 2 | ശബ്ദവും ലിപിയും പൊരുത്തപ്പെടുത്തി വാക്യങ്ങൾ, പദങ്ങൾ, അക്ഷരങ്ങൾ എന്നിവ തിരിച്ചറിഞ്ഞ് വായിക്കുന്നു | * പദകാർഡ് നൽകൽ<br>* അക്ഷരകാർഡ് നൽകൽ<br>* പദങ്ങൾക്കിടയിൽ വായിക്കാൻ ആരുണ്ട് ?<br>* കൂട്ടുകാർ ആരെല്ലാം ? | ഓഗസ്റ്റ്- സെപ്തംബർ | ക്ലാസ് മുറി | |
| 3. | ചിത്രങ്ങളുടെയും അക്ഷരങ്ങൾ കൂട്ടിച്ചേർത്ത് അർത്ഥപൂർണ്ണമായ പദങ്ങൾ എഴുതുന്നു. വാക്യങ്ങൾ എഴുതുന്നു. ആശയങ്ങൾ എഴുതുന്നു. | * പദനിർമ്മാണം<br>* വാക്യനിർമ്മാണം<br>* വാക്കുകൾ തരംതിരിക്കൽ<br>* ഒരേ പദങ്ങൾ<br>* പൂരിപ്പിക്കൽ | ഓഗസ്റ്റ്- സെപ്തംബർ | ക്ലാസ് മുറി | |
| 4 | കേട്ടതോ വായിച്ചതോ ആയ പാട്ടുകൾ ചൊല്ലി അവതരിപ്പിക്കുന്നു. വരികൾ കൂട്ടിച്ചേർത്ത് കവിത വികസിപ്പിക്കുന്നു. | * പാടാം എഴുതാം<br>* വരികൾ കൂട്ടിച്ചേർക്കാം<br>* പദങ്ങൾ മാറ്റി എഴുതാം.<br>* കൂട്ടിച്ചേർക്കാം. | സെപ്തംബർ- ജനുവരി | ക്ലാസ്മുറി വായനശാല എസ്.ആർ.ജി | |
| 5 | ചിത്രീകരണപാഠത്തിൽ നിന്ന് ആവശ്യമായ പദങ്ങൾ, ആശയങ്ങൾ എന്നിവ കണ്ടെത്തി വാക്യങ്ങളും ചെറുകുറിപ്പുകളും ചെയ്യുന്നു. | * വായിക്കാം കണ്ടെത്താം<br>* ആരും ആര് ?<br>* അടിയിൽ വരക്കാം<br>* എടുത്തെഴുതാം. | ഓഗസ്റ്റ്- ജനുവരി | ക്ലാസ് മുറി | |

| | | | | | | |
|---|---|---|---|---|---|---|
| 6 | പറഞ്ഞും എഴുതിയും തന്റെ ആശയങ്ങൾ, സന്ദേശങ്ങൾ, കവിത, വിവരണം എന്നിവയിലൂടെ അവതരിപ്പിക്കുന്നു. | * അനുഭവ കുറിപ്പെഴുതാം.<br>* സന്ദേശങ്ങൾ എഴുതാം.<br>* കവിത പാടാം.<br>* പതിപ്പ് തയ്യാറാക്കാം. | ഡിസംബർ ജനുവരി | ക്ലാസ് അധ്യാപിക എസ്.ആർ.ജി | | |
| 7 | ലളിതമായ കഥകൾ ലഘു വാക്യങ്ങളിൽ പറയുകയും എഴുതുകയും ചെയ്യുന്നു. | * ചോദ്യം ചോദിക്കാം.<br>* ബാക്കി പറയൽ.<br>* കഥാചാർട്ട്<br>* പ്രവർത്തനങ്ങൾ<br>* ചിത്രകാർഡ്<br>* സന്ദർഭം പറയൽ | ആഗസ്റ്റ് ഫെബ്രുവരി | ക്ലാസ് അധ്യാപിക | | |
| 8 | സ്വന്തം അനുഭവങ്ങൾ ലളിതമായ വാക്യങ്ങളിൽ വിവരിക്കുന്നു (ഡയറി-എഴുത്ത്) | * പങ്കു വയ്ക്കാം<br>* അസംബ്ലിയിൽ ഡയറി വായന.<br>* കൂട്ടുകാരോട് ചോദിക്കാം | ഫെബ്രുവരി | ക്ലാസ് അധ്യാപിക എച്ച്.എം. (അസംബ്ലി) | | |
| 9 | അക്ഷരശുദ്ധി, വാക്യശുദ്ധി, ചിഹ്നം, ഇട-വിടൽ എന്നിവ പാലിച്ച് രചനയിൽ ഏർപ്പെടുന്നു. | * നിരീക്ഷിത പാഠഭാഗം നോക്കി എഴുതൽ,<br>* പദകാർഡ് - എഴുത്ത് വാക്കുകൾ, വാക്യങ്ങൾ. എഴുതിയ കാർഡ് നൽകൽ. | ഒക്ടോബർ ഫെബ്രുവരി | ക്ലാസ് അധ്യാപിക | | |

| | | | | | | |
|---|---|---|---|---|---|---|
| 10 | പിന്നോക്കക്കാരായ കുട്ടികളെ കണ്ടെത്തി പ്രവർത്തനങ്ങൾ നൽകൽ. | * പ്രീ ടെസ്റ്റ്<br>* അക്ഷരം ചൊല്ലിക്കൽ<br>* അക്ഷരമാലം എഴുതിക്കൽ<br>* അക്ഷരകാർഡ് നൽകൽ. | | ക്ലാസ് അധ്യാപിക എസ്.ആർ.ജി | | |
| II 1. | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്ന | * അക്ഷരങ്ങൾക്ക് വിന്യാസം ചെയ്ത് വായിപ്പിക്കൽ ഉറപ്പാക്കൽ<br>* ആവർത്തനമാക്കിപ്പിക്കൽ<br>* അക്ഷര - ചിത്ര - വാക്യ കാർഡുകൾ ഉപയോഗിച്ചുള്ള വായന.<br>* വാക്യനിർമ്മാണം - ചിത്രങ്ങൾ നിരീക്ഷിച്ച്<br>* അക്ഷരവാക്യങ്ങൾ ശേഖരണം, അവതരണം | ജൂൺ മുതൽ ആഗസ്ത് വരെ | ക്ലാസ് ടീച്ചർ | | |
| 2. | വായന പരിപോഷിപ്പിക്കൽ. | * വായനാ കാർഡുകൾ നിർമ്മാണം.<br>* പത്ര വാർത്ത, ഡയറി കുറിപ്പ് തുടങ്ങിയവ അസംബ്ലിയിൽ അവതരിപ്പിക്കൽ.<br>* വായിച്ച ലൈബ്രറി പുസ്തകങ്ങളുടെ വായനാക്കുറിപ്പ് തയ്യാറാക്കൽ അവതരിപ്പിക്കൽ. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | | |

| | | | | |
|---|---|---|---|---|
| | * വായനാനുഭവങ്ങൾ കുട്ടികൾ പരസ്പരം പങ്കുവയ്ക്കുന്നു<br>* വായനാവസന്തം സംഘടിപ്പിക്കുക.<br>* പുസ്തക കിറ്റ് സമാഹരിക്കുക.<br>* കുട്ടിക്കവിതകൾ, കുട്ടിപ്പാട്ടുകൾ ശേഖരിക്കൽ.<br>* കുട്ടിക്കവിതകൾ അവതരിപ്പിക്കൽ.<br>* പാട്ടുകൾ ശേഖരിച്ച് ഈണത്തിൽ അവതരിപ്പിക്കൽ. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |
| 3. കുട്ടിപ്പാട്ടുകൾ, കവിതകൾ ഈണത്തിൽ പാടുന്നതിനും ആസ്വദിക്കുന്നതിനും വരികൾ കൂട്ടിച്ചേർക്കുന്നതിനും | * കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കൽ.<br>* സമാനമായ വരികൾ കൂട്ടിച്ചേർക്കൽ<br>* വരികൾ കൂട്ടിച്ചേർത്ത് ക്ലാസിൽ ഒരു പതിപ്പ് (കുട്ടിക്കവിതകൾ) തയ്യാറാക്കൽ.<br>* കുട്ടിക്കവിതകൾ, കവിതകൾ എന്നിവയുടെ ഓഡിയോ, വീഡിയോ പ്രദർശനം | സെപ്തംബർ മുതൽ ഡിസംബർ വരെ | ക്ലാസ് ടീച്ചർ | |

| | | | | | |
|---|---|---|---|---|---|
| 4 | ആശയങ്ങൾ വാചികമായി പ്രകടിപ്പിക്കുവാനുള്ള ശേഷി ഉണ്ടാകുന്നു. | * വിവിധ കലാപരിപാടികൾ അവതരിപ്പിക്കൽ. <br> * സ്കിറ്റ്. <br> * കടങ്കഥാ അവതരണം <br> * ചൊൽക്കാഴ്ച <br> * വായിച്ച കഥകൾ/ പാട്ടുകൾ ഇവയുടെ അവതരണം. <br> * ഏതെങ്കിലും ഒരു വിഷയവുമായി ബന്ധപ്പെട്ട ഒരു ചർച്ച സംഘടിപ്പിക്കൽ, | ജനുവരി മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ പി.ടി.എ | |
| 5 | കഥകൾ കേട്ട് ആസ്വദിക്കുന്നതിനും കഥാപൂരണം നടത്തുകയും ചെയ്യുന്നു. | * കൂടുതൽ കഥകൾ കണ്ടെത്തി വായിക്കൽ. <br> * വായിച്ച കഥയുടെ ആശയം ക്ലാസ്സിൽ അവതരിപ്പിക്കൽ. <br> * കഥാപൂരണം നടത്തൽ. <br> * കൊച്ചുകഥകൾ ഉൾപ്പെടുത്തി ഒരു പതിപ്പ് തയ്യാറാക്കൽ. <br> * കഥകളുടെ ഓഡിയോ/ വീഡിയോ പ്രദർശനം | ഫെബ്രുവരി മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

| | | | | | |
|---|---|---|---|---|---|
| 6 | വിവിധരൂപത്തി- ലുള്ള ആശയപ്ര- കടനങ്ങൾ പ്രകടമാക്കുക. സ്വന്തം രചനയിൽ ഉൾക്കൊള്ളുക | * നാടൻ കളികൾ കുറിപ്പ് തയ്യാറാക്കൽ<br>* പഴയകാല വിനോദ കുറിച്ച് കൂടുതൽ അറിയാൻ മുതിർന്നവരുമായി ഒരു അഭിമുഖം.<br>* പാഠഭാഗവുമായി ബന്ധപ്പെട്ട് സംഭാഷണം, വിവരണം, ആസ്വാദന കുറിപ്പ്, കവിതകൾ തുടങ്ങിയവയുടെ അവത- രിപ്പിക്കൽ.<br>* ദിനാചരണവുമായി ബന്ധപ്പെട്ട് കുട്ടികൾ നട- ത്തിയ രചനകളുടെ പ്രദർശനം. | ജൂൺ മുതൽ സെപ്തംബർ വരെ. | ക്ലാസ് റൂം | |
| III 1. | ഒരു സാഹിത്യ രൂപത്തെ മറ്റൊരു സാഹിത്യരൂപത്തി- ലേക്ക് മാറ്റി എഴുതുന്നു. | * പാഠഭാഗത്തെ കവിതയുടെ റേഡിയോ, വീഡിയോ പ്രദർശനം.<br>* പരിചയപ്പെട്ട കവിത- യെ കഥ/ നാടക രൂപ- ത്തിലേക്ക് മാറ്റി എഴുതു കയും അവതരിപ്പിക്കുകയും ചെയ്യുന്നു. | ജൂൺ ജൂലൈ | ക്ലാസ് റൂം | |

| | | | | | |
|---|---|---|---|---|---|
| 2. തന്റേതായ രീതിയിൽ കൃതികൾ, പുസ്തക രൂപത്തിൽ [illegible] വായന | * വായനാ കാർഡുകൾ നിർമാണം.<br>* വായനക്കൂട്ടം നിർമിക്കൽ.<br>* ക്ലാസ് പ്രവർത്തനങ്ങളുടെ ഭാഗമായി തയ്യാറാക്കിയ രചനകൾ, ചെറുകുറിപ്പ്, പോസ്റ്ററുകൾ ആദിയവ അസംബ്ലിയിൽ അവതരിപ്പിക്കൽ.<br>* വായനാനുഭവങ്ങൾ പങ്കുവയ്ക്കൽ.<br>* വായിച്ച പുസ്തകത്തിലെ ഒരു ഭാഗം ക്ലാസിലും അസംബ്ലിയിലും ഉറക്കെ വായിക്കൽ.<br>* ക്ലാസ് ലൈബ്രറി ഒരുക്കൽ, പുസ്തകസമാഹരണം. | | | | |
| 3. നിശ്ചിതവിഷയവുമായി ബന്ധപ്പെട്ട് വിവരങ്ങളുടെ ശേഖരണവും അവതരണവും | * അദ്ധ്യായത്തിന്റെ മഹത്വം വിളിച്ചോതുന്ന കഥ/ കവിത തയ്യാറാക്കൽ. അവയെ റോൾപ്ലേ/ മൈമിങ് എന്നിവയിലൂടെ | ആഗസ്ത് സെപ്റ്റംബർ | ക്ലാസ് ടീച്ചർ SRG | | |

| | | | | |
|---|---|---|---|---|
| | അവതരിപ്പിക്കൽ.<br>× കൃഷിക്കാരനുമായി അഭിമുഖം. | ആഗസ്റ്റ് സെപ്റ്റംബർ | ക്ലാസ് ടീച്ചർ SRG. | |
| 4. സർഗാത്മക രചനകളിലേർപ്പെടാൻ അവസരമൊരുക്കൽ വിവിധ സാഹിത്യരൂപങ്ങൾ പരിചയപ്പെടൽ. | × ആശംസാകാർഡ് നിർമാണം.<br>× നിർമ്മിച്ച കാർഡ് കൂട്ടുകാരന് കൈമാറൽ.<br>× കൂട്ടുകാരന് കത്തെഴുതൽ മേൽവിലാസമെഴുതി പോസ്റ്റ് ചെയ്യൽ.<br>× പാഠഭാഗത്തെ കഥയുടെ വീഡിയോ പ്രദർശനം. തുടർന്ന് കഥയെ നാടകരൂപത്തിലാക്കൽ.<br>× കടങ്കഥകൾ, രചനാശില്പശാല എന്നിവ സംഘടിപ്പിക്കൽ. | ഒക്ടോബർ. | SRG | |
| 5 മഹാന്മാരുടെ ജീവിതത്തെക്കുറിച്ചും അവരുടെ ആശയങ്ങളെ കുറിച്ചും അറിവുകൾ മനസ്സിലാക്കാൻ | × കുട്ടികൾക്കറിയാവുന്ന മഹദ്വ്യക്തികളെക്കുറിച്ച് വിവരങ്ങൾ ശേഖരിച്ച് കുറിപ്പ് തയ്യാറാക്കൽ | ഒക്ടോബർ ജനുവരി | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| | * ജീവചരിത്രക്കുറിപ്പ്/ ആത്മകഥ വായന.<br>* മഹാന്മാരെക്കുറിച്ച് സി.ഡി പ്രദർശനം.<br>* മഹദ്വചനങ്ങൾ ശേഖരിക്കലും അസംബ്ലിയിൽ അവതരിക്കലും.<br>* മഹാന്മാരുടെ ജീവിതത്തിലെ സന്ദർഭങ്ങൾ ബാലസഭയിൽ അവതരിപ്പിക്കൽ. | എല്ലാ ദിവസവും<br>പ്രതിമാസം | SRG | |
| 6 നാടൻകളികളെ കുറിച്ചറിയുന്നു. സർഗ്ഗാത്മകരചന കളിലേർപ്പെടുന്നു. | * നാടൻകളികൾ കളിക്കൽ<br>* കളിവിവരണം<br>* കളികൾ - വീഡിയോ<br>* കളിക്കാരെ പരിചയപ്പെടുത്തൽ.<br>* നാടൻകളികൾ/പാട്ടുകൾ<br>* ഏകദിനക്യാമ്പ്<br>* ചിത്രത്തിൽ നിന്നും കഥ/അടിക്കുറിപ്പ് തയ്യാറാക്കൽ പതിപ്പ് നിർമ്മാണം. | നവംബർ | ക്ലാസ് ടീച്ചർ<br>SRG | |
| 7 ശാസ്ത്രബോധവും ചരിത്രബോധവും വളർത്തിയെടുക്കുന്നതിലൂടെ മാനസിക വികാസം സാധ്യമാക്കുന്നു. | * ശാസ്ത്രജ്ഞരെ അറിയാം.<br>* ശാസ്ത്രജ്ഞരെ കുറിച്ച് കുറിപ്പ് തയ്യാറാക്കൽ. തുടർന്ന് ക്വിസും അസംബ്ലിയിലും അവതരിപ്പിക്കൽ | ഡിസംബർ | ക്ലാസ് ടീച്ചർ<br>SRG | |

| | | | | | |
|---|---|---|---|---|---|
| | * ശാസ്ത്രക്കുറിപ്പ് തയ്യാറാക്കൽ.<br>* പാഠഭാഗത്തെ ശാസ്ത്ര കഥ ബാലസഭയിൽ സ്കിറ്റ് രൂപത്തിൽ അവതരിപ്പിക്കൽ. | | | | |
| 8 കവിതാസ്വാദനത്തിലൂടെ ഭാഷാവികാസം സാധ്യമാകുന്നു | * പാഠഭാഗത്തെ കവിതയുടെ ഓഡിയോ കേൾപ്പിക്കൽ<br>* കവിയരങ്ങ്<br>* കവിതാരചന, പതിപ്പ് നിർമ്മാണം.<br>* പ്രാദേശിക എഴുത്തുകാരുമായി സംവദിക്കൽ.<br>* കവിതയുടെ ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ, അവതരിപ്പിക്കൽ. | ജനുവരി | ക്ലാസ് ടീച്ചർ SRG | | |
| 9. ഭാഷാവികാസത്തെ സ്വാധീനിക്കുന്ന വിവിധ വ്യവഹാരരൂപങ്ങൾ പരിചയപ്പെടൽ. | * പ്രശസ്ത വ്യക്തികളുടെ ആത്മകഥകൾ പരിചയപ്പെടുത്തൽ.<br>* അസംബ്ലിയിൽ പുസ്തക പരിചയം.<br>* ദൃക്സാക്ഷി വിവരണം കേൾപ്പിക്കൽ. (ഓഡിയോ)<br>* സ്കൂളിൽ കളികളുടെ ദൃക്സാക്ഷി വിവരണം | ജനുവരി ഫെബ്രുവരി മാർച്ച് | ക്ലാസ് ടീച്ചർ | | |

| | | | | | |
|---|---|---|---|---|---|
| | | അവതരിപ്പിക്കൽ.<br>* റേഡിയോ, നാടകം പരിചയപ്പെടുത്തൽ, റേഡിയോ കേൾപ്പി-ക്കൽ.<br>* പാഠഭാഗത്തെ റേഡിയോ നാടകരൂപത്തിൽ അവതരിപ്പി-ക്കൽ. | | | |
| 10 | ഭാഷാപരമായ വിവിധ ശേഷികളുടെ വികാസം. | * പാഠഭാഗവുമായി ബന്ധപ്പെട്ട് കുട്ടികൾ തയ്യാറാക്കിയ രചനകളുടെ പ്രദർശനവും അവതരണവും.<br>* ദിനാചരണവുമായി ബന്ധപ്പെട്ട് നടത്തിയ രചനകളുടെ പ്രദർശനം. | ജൂൺ മാർച്ച് | ക്ലാസ് ടീച്ചർ SRG | |
| IV 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ. | പ്രീ-ടെസ്റ്റ് പഠനപിന്നോക്ക വർക്ക് ഷീറ്റുകളും തയ്യാ-റാക്കൽ. പ്രത്യേകം ക്ലാസുകൾ പോസ്റ്റ് ടെസ്റ്റ് തുടർപ്രവർത്തന പാക്കേജ് രൂപപ്പെടു-ത്തൽ. വായനാസാമഗ്രി കൾ ഉപയോഗിക്കൽ. | ജൂൺ ജൂലൈ | ടീച്ചർ | |

| | | | | | |
|---|---|---|---|---|---|
| → തെറ്റുകൂടാതെ എഴുതാൻ കൈകാര്യം ചെയ്യുന്നതിൽ സൂക്ഷ്മ കഴിവ് നേടൽ | → പ്രീ ടെസ്റ്റ്<br>→ ആവശ്യമായ വർക്ക് ഷീറ്റുകൾ നൽകി നിള, ആവണി, പെരിയാർ- ഗ്രൂപ്പ് തിരിക്കൽ.<br>→ ബാലസഭ. | ജൂൺ | ടീച്ചർ | | |
| → അക്ഷരങ്ങൾ, ചിഹ്നങ്ങൾ ഉറപ്പിക്കൽ | → ടെസ്റ്റ് പേപ്പർ<br>→ അക്ഷരങ്ങൾ, ചിഹ്നങ്ങൾ, ഇവ ഉറപ്പിക്കുന്നതി- നുള്ള അക്ഷരച്ചീട്ട്, അക്ഷരം തിരിച്ചറി- യൽ, വിട്ടുപോയ പൂരി- പ്പിക്കൽ, | ജൂലൈ | ടീച്ചർ | | |
| → പാഠഭാഗങ്ങളിൽ നേടേണ്ട ശേഷികൾ നേടൽ | → ടെസ്റ്റ് പേപ്പർ<br>→ തെറ്റാതെ പറയാമോ<br>→ ഒറ്റ പദങ്ങൾ<br>→ വേഗത്തിൽ പറയാമോ? തെറ്റാതെ പറയാമോ?<br>→ വായനാ സാമഗ്രി ബാലസഭ | ആഗസ്റ്റ് | ടീച്ചർ വിദ്യാർത്ഥികൾ | | |
| → തെറ്റുകൂടാതെ വായിക്കാനുള്ള കഴിവ് നേടൽ | → പ്രീ ടെസ്റ്റ്<br>→ ഐ.സി.ടി സാധ്യത പ്രയോജനപ്പെടുത്തൽ<br>→ വായനാ മത്സരം സംഘടിപ്പിക്കൽ | | | | |

| | | |
|---|---|---|
| | → പാഠഭാഗം, ബാല-<br>മാസികകൾ, ലൈബ്രറി<br>പുസ്തകങ്ങൾ എന്നിവ<br>ഉപയോഗിച്ചുകൊണ്ട്<br>കുട്ടികളെ ഗ്രൂപ്പുകളാക്കി<br>നിലവാരത്തിനനുസരിച്ച്<br>മത്സര സംഘടി-<br>പ്പിക്കൽ.<br>→ ബാലസഭ. | സെപ്റ്റംബർ<br>ഒക്ടോബർ |
| → നേടിയ ശേഷികൾക്ക്<br>അനുസരിച്ച് ചെറിയ<br>വ്യവഹാരരൂപങ്ങൾ<br>നിർമ്മിക്കൽ. | → ഓരോ പാഠഭാഗം<br>കഴിയുന്നതിന് അനുസരി-<br>ച്ച് ടെസ്റ്റ് പേപ്പർ<br>നടത്തൽ<br>→ വായനസാമഗ്രികൾ.<br>→ വ്യത്യസ്ത നിലവാര<br>ത്തിലുള്ള വർക്ക് ഷീറ്റ്<br>പ്രവർത്തനങ്ങൾ<br>നൽകൽ.<br>→ വായന സാമഗ്രികൾ<br>→ വിവിധ ശേഷികൾ<br>പാഠഭാഗങ്ങളിൽ നിന്നും<br>ചോദ്യങ്ങൾ നിർമ്മിക്കൽ<br>→ വ്യത്യസ്ത സന്ദർഭ-<br>ങ്ങൾ നൽകി വിവിധ<br>തരത്തിലുള്ള വ്യവഹാര | നവംബർ<br>ഡിസംബർ |

| | | | | | |
|---|---|---|---|---|---|
| | → പാഠഭാഗം, ബാലമാസികകൾ ലൈബ്രറി പുസ്തകങ്ങൾ എന്നിവ ഉപയോഗിച്ചുകൊണ്ട് കുട്ടികളെ 3 ഗ്രൂപ്പുകളാക്കി നിലവാരത്തിനനുസരിച്ച് മത്സരം സംഘടിപ്പിക്കൽ<br>→ ബാലസഭ | സെപ്റ്റംബർ ഒക്ടോബർ | | | |
| → നേടിയ അറിവുകൾ അനുസരിച്ച് ചെറിയ വ്യവഹാര രൂപങ്ങൾ നിർമ്മിക്കൽ. | ഓരോ പാഠഭാഗം കഴിയുന്നതിന് അനുസരിച്ച് ടെസ്റ്റ് പേപ്പർ നടത്തൽ.<br>→ വായനാസാമഗ്രികൾ | നവംബർ | | | |
| | → വ്യത്യസ്ത നിലവാരത്തിലുള്ളവർക്ക് ദിനപത്രങ്ങൾ നൽകൽ.<br>→ വായനാ സാമഗ്രികൾ | ഡിസംബർ | | | |
| | → വിവിധ ഭാഷകളിൽ പാഠഭാഗങ്ങളിൽ നിന്നും ചോദ്യങ്ങൾ നിർമ്മിക്കൽ | | | | |
| → നേടിയ അറിവുകൾ ഉപയോഗിച്ചുകൊണ്ട് ഉയർന്ന തലത്തിലുള്ള വ്യവഹാര രൂപങ്ങൾ നി[illegible] | → വ്യത്യസ്ത സന്ദർഭങ്ങൾ നൽകി വിവിധതര-ത്തി | | | | |

| | | | |
|---|---|---|---|
| | → കഥ, കവിത, വിവരണം, കുറിപ്പ്, നോട്ടീസ്, ഇവ നിർമ്മാണപ്രവർത്തനങ്ങൾ.<br>→ ബാലസഭ<br>→ I C T സാധ്യതകൾ പ്രയോജനപ്പെടുത്തൽ. | ജനുവരി ഫെബ്രുവരി. | ടീച്ചർ കുട്ടികൾ. |
| വ്യവഹാരരൂപങ്ങളുടെ പ്രദർശനം. | → പി.ടി.എ, എം.പി.ടി.എ അംഗങ്ങളുടെ സഹകരണത്തോടെ വ്യവഹാരരൂപങ്ങളുടെ പ്രദർശനം നടത്തൽ<br>→ ബാലസഭ. | മാർച്ച് | ടീച്ചർ. പി.ടി.എ. M.P.T.A വിദ്യാർത്ഥികൾ |
| → കൈയെഴുത്തുമാസിക. | → കുട്ടികളുടെ കൈയെഴുത്തുമാസിക നിർമ്മാണം.<br>→ പൊതുപരിപാടിയിൽ കൈയെഴുത്തുമാസികയുടെ പ്രകാശനം നടത്തൽ. | മാർച്ച് | വിദ്യാർത്ഥികൾ. |

പരിസരം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | | |
|---|---|---|---|
| → ശാസ്ത്ര ബോധവും<br>ശാസ്ത്രീയ ചിന്തനം<br>വർധിക്കാനും ഇവയുടെ<br>വികാസം. | → വിത്തു മുളപ്പിക്കൽ<br>→ നമ്മുടെ പരിസര-<br>ത്തുള്ള ചെടികൾ<br>[illegible]<br>→ ചോക്കുപൊടി, പേപ്പർ-<br>മാഷ് തയ്യാറാക്കുന്നു.<br>ശേഖരിക്കുന്നു.<br>→ ഇല ആൽബം<br>നിർമ്മാണം. | ആഗസ്റ്റ് നവംബർ | ടീച്ചർ വിദ്യാർത്ഥികൾ |
| → ലഘു പരീക്ഷണങ്ങളിൽ<br>ഏർപ്പെടുന്നതിന് കഴിവ്<br>നേടുന്നു. | → ലഘു പരീക്ഷണ-<br>മാജിക്.<br>മാജിക്: നമ്മുടെ ചുറ്റു-<br>പാടുമുള്ള ലഭ്യമായ<br>വസ്തുക്കൾ ഉപയോഗിച്ച്<br>ലഘു പരീക്ഷണങ്ങളിൽ<br>ഏർപ്പെടുന്നു.<br>ഉദാ: ചെമ്പരത്തിപ്പൂ<br>ചെമ്പരത്തിപ്പൂവ് കൊണ്ട്<br>നിറം നൽകുന്നു. | ജൂൺ-<br>ജനുവരി. | |
| → വസ്തുക്കളിലെ സമാന<br>വ്യത്യാസങ്ങൾ കണ്ടെത്തി<br>തരം തിരിക്കുന്നതിന്. | → ശേഖരണം: വിവിധ<br>വസ്തുക്കൾ [illegible]<br>ശേഖരിച്ച് ഒട്ടിച്ച്<br>ആൽബം തയ്യാറാക്കുന്നു.<br>→ സാധി[illegible] | ജനുവരി<br>മാർച്ച് | |

| | | | |
|---|---|---|---|
| | പ്രയോജനപ്പെടുത്തൽ | ജൂലൈ ആദ്യ വാരം | |
| Std. I<br>→ വ്യക്തിശുചിത്വത്തിലെ അറിവ് | → ചിത്രങ്ങൾ, ICT സൗകര്യം | ജൂലൈ | ടീച്ചർ |
| → രോഗങ്ങളെക്കുറിച്ചുള്ള ധാരണ | → ആരോഗ്യപ്രവർത്തകരുമായി അഭിമുഖം<br>→ ICT സൗകര്യം പ്രയോജനപ്പെടുത്തുക. | ജൂലൈ | ടീച്ചർ |
| → നമ്മുടെ ചുറ്റുപാടിനെ കുറിച്ച് നല്ലബോധം കുട്ടികളിൽ ഉണ്ടാക്കൽ. | → സ്കൂൾ ക്ലാസ്-പാഠശാല സ്കൂൾ പരിസരം ഉൾപ്പെടെ നിരീക്ഷിച്ച് ചുറ്റുപാടുള്ള സസ്യങ്ങളെക്കുറിച്ചും ജീവികളെക്കുറിച്ചും നിരീക്ഷണം.<br>ഫീൽഡ് ട്രിപ്പ്. | ആഗസ്റ്റ് മുതൽ ഒക്ടോബർ വരെ | |
| → കുട്ടികളിൽ ശാസ്ത്രബോധം വളർത്തുക | → നിരീക്ഷണം ശാസ്ത്രജ്ഞരുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ നൽകൽ, ക്വിസ് മത്സരം സംഘടിപ്പിക്കൽ.<br>→ ICT സൗകര്യം. | നവംബർ ഡിസംബർ | |
| → പാഠഭാഗവുമായി ബന്ധപ്പെട്ട ശേഷികൾ | → വർക്ക്ഷീറ്റുകൾ നൽകി ശേഷികൾ | | |

| | | | | | |
|---|---|---|---|---|---|
| | → പാഠാവസാനം യൂണിറ്റ് ടെസ്റ്റ് നടത്തൽ. | [illegible] | | | |
| → നേടിയ അറിവുകൾ അനുസരിച്ച് ചെറിയ വ്യവഹാരരൂപങ്ങൾ നിർമ്മിക്കൽ. | → പോസ്റ്റർ നിർമ്മാണം<br>→ സ്ലോഗൻ നിർമ്മാണം | ജനുവരി | വിദ്യാർത്ഥികൾ | | |
| Std- III | | | | | |
| → നമ്മുടെ ചുറ്റുപാടിനെ കുറിച്ച് കുട്ടികളിൽ നല്ല ബോധം ഉണ്ടാക്കുക.<br>→ കുട്ടികളിൽ ശാസ്ത്രാവബോധം സൃഷ്ടിക്കുക. | → പ്രീ ടെസ്റ്റ്<br>→ സന്ദർശിക്കൽ<br>→ പ്രകൃതി നടത്തം.<br>→ നിരീക്ഷണം.<br>→ ശാസ്ത്രമേഖലയുമായി ബന്ധപ്പെട്ട ക്വിസ് മത്സരം സംഘടിപ്പിക്കുക.<br>→ ഐ.സി.ടി. സാധ്യത പ്രയോജനപ്പെടുത്തുക. | ജൂൺ, ജൂലൈ<br>ആഗസ്റ്റ് - സെപ്റ്റംബർ | ടീച്ചർ. | | |
| → ശാസ്ത്രമേളകൾ സംഘടിപ്പിക്കൽ. | → ശാസ്ത്രജ്ഞൻമാരുടെ ദിനാചരണം ക്ലാസ്സിൽ അവതരിപ്പിക്കുക.<br>→ വ്യത്യസ്ത ശാസ്ത്രമേളകൾ സംഘടിപ്പിക്കുക. | | | | |
| → ഓരോ പാഠഭാഗങ്ങളിലും നേടേണ്ട ശേഷികൾ നേടി എന്ന് ഉറപ്പുവരുത്തുക. | → വർക്ക് ഷീറ്റുകൾ<br>→ ശേഷികൾ പരിശോധിക്കൽ.<br>→ ശാസ്ത്രക്വിസ് നടത്തുക.<br>→ പാഠാവസാനം യൂണിറ്റ് ടെസ്റ്റ് നടത്തുക. | ഒക്ടോബർ നവംബർ | ടീച്ചർ. | | |

| | | | | | |
|---|---|---|---|---|---|
| → മാതൃക ശേഖരിച്ച്<br>അനുയോജിച്ച് ചെറിയ<br>വ്യവഹാര രൂപങ്ങൾ<br>നിർമ്മിക്കൽ. | → പരീക്ഷണ നിരീക്ഷണ<br>പ്രവർത്തനങ്ങൾ.<br>→ പോസ്റ്റർ നിർമ്മാണം<br>→ ക്വിസ് ടെസ്റ്റ് നടത്തൽ.<br>→ ആൽബം നിർമ്മാണം. | ഫെബ്രുവരി<br>മാർച്ച് | ട്രിപ്പ് | | |
| Std - IV | | | | | |
| → പരിസരവുമായി<br>ഇണങ്ങാൻ സഹായി<br>ക്കൽ. | → പ്രീ ടെസ്റ്റ്<br>→ ചെടികളെ അറിയാം.<br>→ പ്രകൃതിയിലേക്ക് -<br>ഫീൽഡ് ട്രിപ്പ്.<br>→ പ്രകൃതി നടത്തം. | ജൂൺ.<br>ജൂലൈ | | | |
| → ഓരോ പാഠഭാ-<br>ഗത്തിലും ആവശ്യമായ<br>ശേഷികൾ നേടി എന്ന്<br>ഉറപ്പുവരുത്തൽ. | → ടെസ്റ്റ് പേപ്പർ<br>→ ചുറ്റുപാടിനെക്കുറിച്ച്<br>അവബോധം നൽകുന്ന<br>പ്രവർത്തനങ്ങൾ.<br>→ വർക്ക്ഷീറ്റുകൾ നൽകി<br>ശേഷികൾ പരിശോധി<br>ക്കൽ.<br>→ മാസംതോറും<br>ശാസ്ത്രക്വിസ്. | ആഗസ്റ്റ്.<br>സെപ്റ്റംബർ<br>ഒക്ടോബർ | | | |
| → ശാസ്ത്രമേള<br>സംഘടിപ്പിക്കൽ. | → ശാസ്ത്രജ്ഞന്മാരു<br>ടെ ജീവചരിത്രം<br>പരിചയപ്പെടൽ.<br>→ വ്യത്യസ്ത ശാസ്ത്ര-<br>മേളകൾ സംഘടിപ്പിക്കൽ. | നവംബർ<br>ഡിസംബർ | | | |

## ഹ്രസ്വകാല അക്കാദമിക പ്രവർത്തനങ്ങൾ

കാലയളവ് : ജൂൺ - ഡിസംബർ

പ്രവർത്തനങ്ങൾ

> വിദ്യാലയത്തിലെ മുഴുവൻ കുട്ടികളും എഴുതുകയും വായിക്കുകയും ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തൽ (ഭാഷ)

> To enable the children to read and write alphabets, small words and simple sentences (English)

> ഗണിതത്തിലെ അടിസ്ഥാനവസ്തുതകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി മുഴുവൻ കുട്ടികൾക്കും ഗണിതാശയങ്ങൾ ഉറപ്പിക്കൽ (ഗണിതം)

> ശാസ്ത്രാഭിരുചി വളർത്തുന്നതിനും ശാസ്ത്രാവബോധം ഉണ്ടാക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ (പരിസരപഠനം)

പ്രവർത്തനങ്ങൾ അതാത് ക്ലാസുകൾക്ക് അനുസരിച്ച്, ഫീൽഡ്ട്രിപ്പ്, ഏകദിനശിൽപശാല.

## മധ്യകാല അക്കാദമിക പ്രവർത്തനങ്ങൾ

കാലയളവ് :- ഏപ്രിൽ - മാർച്ച്

പ്രവർത്തനങ്ങൾ

> ബയോഡൈവേഴ്സിറ്റി പാർക്ക് നിർമ്മാണം
> മാലിന്യ വിമുക്ത ക്യാമ്പസ്
> വായനാശാല സന്ദർശനം
> പൂന്തോട്ട നിർമ്മാണം
> പൊതുസ്ഥാപനങ്ങൾ സന്ദർശിക്കൽ

## ദീർഘകാല അക്കാദമിക പ്രവർത്തനങ്ങൾ

കാലയളവ് : 2025 - 2029

പ്രവർത്തനങ്ങൾ

> ശുചിത്വ സാക്ഷരത (വീട്ടിലും, സ്കൂളിലും)
> ഔഷധത്തോട്ടം പരിപാലനം

## അക്കാദമിക മികവിനായി ഏറ്റെടുത്ത [illegible]
## പ്രവർത്തനങ്ങൾ

### വികസന ലക്ഷ്യങ്ങൾ

1. ഭാഷാശേഷി വികസനം
2. ഗണിതശേഷി വികസനം
3. ഇംഗ്ലീഷ് പഠനം - അനായാസകരമാക്കൽ
4. വായനാശേഷി വർദ്ധിപ്പിക്കൽ
5. ശാസ്ത്ര പോഷണ പരിപാടി
6. ലബോറട്ടറി നവീകരണം
7. പ്രതിഭാപോഷണ പരിപാടി
8. ലൈബ്രറി ശാക്തീകരണം
9. ജൈവവൈവിധ്യ പാർക്ക്
10. സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം
11. പഠനയാത്രകൾ
12. സ്കൂൾ പത്രം, മാസിക
13. അധ്യാപക ശാക്തീകരണം - SRG തലം
14. പ്രവൃത്തി പരിചയ പരിശീലനം
15. കലാപരിപോഷണം
16. പച്ചക്കറിത്തോട്ടം
17. സാഹിത്യ ശില്പശാലകൾ

18. ഭാഷാ ലാബ്
19. ദിനാചരണങ്ങൾ - ശക്തിപ്പെടുത്തൽ
20. ഗവേഷണാത്മക പഠനം
21. കായികശേഷി വികസനം
22. വിലയിരുത്തൽ കാര്യക്ഷമമാക്കൽ
23. ഐ. ടി പഠനം - കാര്യക്ഷമമാക്കൽ
24. ജന്മദിന പുസ്തകം
25. ചിത്രരചനാ ക്യാമ്പ്
26. ക്ലാസ് PTA, MPTA കാര്യക്ഷമമാക്കൽ.

| Sl No | Programme | Activity | കാലാവധി | ഭൗതികം | സാമ്പത്തികം |
|---|---|---|---|---|---|
| | Std I | | | | |
| 1 | ലളിതമായ കഥകൾ കേട്ട് ആസ്വദിക്കൽ | Simple stories<br>Word Cards<br>Theature games<br>ICT സാധ്യത പ്രയോജനപ്പെടുത്തി കഥകൾ കേട്ടും കണ്ടും ആസ്വദിക്കുന്നു. | എല്ലാ ആഴ്ച്ചയിലും | | |
| 2 | നിർദേശങ്ങളെ മനസിലാക്കി പ്രവർത്തിക്കാനുള്ള ശേഷി വളർത്തിയെടുക്കൽ | Language games<br>Dialogue<br>Word game<br>Word puzzles | " | | |
| 3. | വായന മെച്ചപ്പെടുത്തൽ | Reading Cards<br>Picture description<br>Riddles | " | | |
| 4. | വരികൾ കൂട്ടിച്ചേർക്കൽ | Action Songs<br>Add more lines | " | | |
| 5. | ഇംഗ്ലീഷ് ഭാഷ കേട്ട് അവ മനസിലാക്കാനും തന്റെ ആശയങ്ങൾ പ്രകടിപ്പിക്കാനും കഴിയുന്നു. | Picture description<br>Who am I ?<br>Fruit Salad (game)<br>Mask game | എല്ലാ ദിവസവും | | |

| | | | | | | |
|---|---|---|---|---|---|---|
| 4. | ഇംഗ്ലീഷ് സംസാരശേഷി വർദ്ധിപ്പിക്കുന്നു. | > Communicative English class ആഴ്ചയിൽ ഒരു ദിവസം<br>> Speech about Something in English Assembly | September to february | | | |
| 5. | Picture Reading & writing | > Worksheet ഉണ്ടാക്കി അതിലെ ചിത്രം നോക്കി പറയുന്നു, എഴുതുന്നു. | June to march. | | | |
| 6. | Add more lines | > Action Songs Collection, presentation | " | | | |
| 7. | writing abilities | > Identify and fill the Sentences with 'ing' forms.<br>> fill the Sentence using 'in', 'on' Prepositions | June to March | | | |
| | Std III | | | | | |
| 1 | ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കുന്നതിന് കൂടുതൽ പദങ്ങൾ [illegible] | > Reading Corner - ലളിതമായ English പുസ്തകങ്ങൾ, ബാലമാസികകൾ ഒരുക്കൽ | July | | | |

| | | | | | |
|---|---|---|---|---|---|
| | സൃഷ്ടിക്കൽ | | | | |
| 2 | കുട്ടികളിലൂടെയു- ള്ള ഭാഷാപഠനം | ഇംഗ്ലീഷ് പദപ്രശ്നം നിർമ്മിക്കുന്നു. കുട്ടി- കൾക്ക് ഉത്തരം കണ്ടെ- ത്താൻ നിശ്ചിത ദിവസം നൽകുന്നു. | പ്രതി- മാസം | | |
| 3 | പാഠഭാഗം കൂടു- തൽ ആസ്വാദ്യ- കരമാക്കൽ | Drama & Theatre പാഠഭാഗത്തെ നാടകീ- കരണ സന്ദർഭങ്ങൾ കണ്ടെത്തൽ, Script writing അവതരണം. | Sept. to march | | |
| 4. | ഇംഗ്ലീഷ് സംസാരശേഷി വർദ്ധിപ്പിക്കു- ന്നതിന്. | English കേൾക്കുവാ- നും, വായിക്കാനുമുള്ള അവസരം, അനുഭവവിനി- മയം, English games. | " | | |
| 5. | Vocabulary Development. | My English world- ഒരു ദിവസം ഒരു word കണ്ടെത്തി എഴുതുന്നു. ഡയറിയിലേക്ക് എഴുതു- ന്നു. | July to february | | |
| 6. | writing | Small description Add more lines Picture descriptions | Sept. to feb. | | |

| | | | | |
|---|---|---|---|---|
| Std II<br>1. കുട്ടികളുടെ ഇംഗ്ലീഷ് പഠനം മെച്ചപ്പെടുത്തൽ | - Letter Card<br>- Word Card<br>> Rearrange the letters and words<br>> Action Songs<br>> Puzzle<br>> magic Square<br>> Audio, Vedio സംവിധാനങ്ങൾ ഉപയോഗിച്ച് Rhymes Stories എന്നിവ കേൾപ്പിക്കൽ | June to march | | |
| 2. ഇംഗ്ലീഷ് ഭാഷ കേട്ട് ആശയം മനസ്സിലാക്കി തന്റെ ആശയങ്ങൾ പ്രകടിപ്പിക്കുന്നു | > പാഠഭാഗത്തെ നാടകീകരണ സന്ദർഭങ്ങൾ കണ്ടെത്തി അവതരിപ്പിക്കൽ | " | | |
| 3. ഇംഗ്ലീഷ് പദസമ്പത്ത് വളർത്തൽ | > A day a word<br>> my English word നോട്ടീസ് ബോർഡിൽ പ്രദർശനം<br>അതിന്റെ Reading & writing<br>> NB-ൽ രേഖപ്പെടുത്തൽ | " | | |

Std IV

| | | | | | |
|---|---|---|---|---|---|
| 1 | English-ൽ ആത്മവിശ്വാസം നടത്തുന്നതിനുള്ള ശേഷി കണ്ടെത്തൽ | > English Story വീഡിയോ പ്രദർശനം.<br>> പാഠഭാഗം വീഡിയോ പ്രദർശനം<br>> English Assembly<br>> അസംബ്ലിയിൽ ഒരു വിഷയത്തെക്കുറിച്ച് ഇംഗ്ലീഷിൽ സംസാരിക്കൽ | June July | | |
| 2 | തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ | • പാഠഭാഗത്തെ ആസ്പദമാക്കിയുള്ള ഡയറിക്കുറിപ്പ് തയ്യാറാക്കൽ<br>> ഓരോ ദിവസത്തെയും അനുഭവങ്ങളും മറ്റും ഉൾപ്പെടുത്തി ഡയറി എഴുതുന്നു.<br>> ക്ലാസ് ലൈബ്രറി. | Aug to Sept. | | |
| 3. | കളികളിലൂടെയും നിരീക്ഷണങ്ങളിലൂടെയും ഇംഗ്ലീഷ് ഭാഷാപഠനം സാധ്യമാക്കൽ | • ചിത്രരചന - പക്ഷി<br>> പക്ഷിനിരീക്ഷണം<br>> പക്ഷിയുടെ ശരീരഭാഗങ്ങൾ ചിത്രീകരണം<br>> കടങ്കഥകൾ<br>> ഇംഗ്ലീഷ് പദപ്രശ്നം | Oct. to Dec. | | |
| 4. | ഇംഗ്ലീഷ് ഭാഷയെ സർഗ്ഗാത്മക പ്രവർത്തനങ്ങൾക്ക് | > പാഠഭാഗത്തെ നാടക വീഡിയോ പ്രദർശനം<br>> കുട്ടികളുടെ നാടകാവതരണം | January to March. | | |

| | | | | | |
|---|---|---|---|---|---|
| 5 | ഇംഗ്ലീഷ് ഭാഷാശേഷികളുടെ വികാസം | പാഠഭാഗവുമായി ബന്ധപ്പെട്ട് കുട്ടികൾ നടത്തുന്ന രചനകളുടെ പ്രദർശനവും അവതരണവും<br>> English fest. | June to March. | | |

| Sl No | Programme | Activity | കാലാവധി | ഭൗതികം | സാമ്പത്തികം |
|---|---|---|---|---|---|
| 1 | 100 വരെയുള്ള സംഖ്യകൾ തിരിച്ചറിയുകയും സാമാന്യമായ സംഖ്യാബോധം ഉറപ്പിക്കുന്നു. | ആദ്യം ആര്? നടുവിൽ ആര്? ഒടുക്കം ആര്? ഒന്നിടവിട്ട സംഖ്യകൾ എഴുതാം, കൂട്ടുകാരെ കണ്ടെത്താം സംഖ്യാകാർഡുകൾ നൽകൽ പറയൽ | July to Nov. | | |
| 2 | രണ്ട് സംഖ്യകളുടെ തുക കാണുന്നത് ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു. (30 വരെ) | കൂട്ടമാക്കാം ഒരു കണക്ക് ഒളിപ്പിക്കാം, വഴി കാണിക്കാം, സംഖ്യാമാല കൂട്ടുകാരെ കണ്ടെത്താം. | Oct. to Feb. | | |
| 3 | 20-ൽ താഴെയുള്ള സംഖ്യകളുടെ വ്യവകലനം വേണ്ടിയ ഉൾപ്പെടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നു. | കൂട്ടുകാരെ കണ്ടെത്താം സംഖ്യാചാർട്ട്, സംഖ്യാമാല, പൂരിപ്പിക്കാം കൂട്ടുകാരെ കണ്ടെത്താം. | Oct. to Feb. | | |
| 4. | നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രായോഗികപ്രശ്നങ്ങൾ പരിഹരിക്കുന്നു. | കടയിൽ പോകാം. ചന്തയിൽ പോകാം. കളിപ്പാട്ടം നിർമ്മിക്കാം സങ്കലനചാർട്ട് | Nov. to Jan. | | |

| | | | | | |
|---|---|---|---|---|---|
| 5. | നാണയങ്ങളെക്കുറിച്ചുള്ള ധാരണ ഉണ്ടാകുന്നു. ഒരു നാണയത്തിന് മറ്റു നാണയങ്ങളുമായുള്ള ബന്ധം കണ്ടെത്തൽ | • കളിനാണയങ്ങൾ ഉപയോഗിച്ചുള്ള കളികൾ<br>> ചന്തയിലേക്ക് വിലയെത്ര?<br>> കൂടുതൽ ഏത്? | Feb. | | |
| 6. | ഒരു കറൻസി നോട്ടിനു മറ്റു കറൻസി നോട്ടുമായുള്ള ബന്ധം കണ്ടെത്തൽ | > കളിനോട്ട് ഉപയോഗിച്ച് കച്ചവടകളി<br>> ചന്തയിലേക്ക് പോകാമോ? | Feb. | | |
| 7. | സംഖ്യാപാറ്റേൺ നിരീക്ഷിച്ച് യുക്തി വിശദീകരിക്കുന്നു. | • അടുത്തത് ഏത്?<br>• വിവിധ സംഖ്യാപാറ്റേൺ ഉണ്ടാക്കൽ | Aug.<br>Nov. | | |
| 8. | അംഗീകൃതമല്ലാത്ത അളവുകൾ ഉപയോഗിച്ച് നീളം വീതി അളക്കുന്നു. | ക്രമീകരണം. വലുതേത്? ചെറുതേത്? വരച്ചുയോജിപ്പിക്കാം. | Jan.<br>Feb. | | |

| | | | | | |
|---|---|---|---|---|---|
| 1. | BEd II<br>100 വരെയുള്ള സംഖ്യാബോധം നേടുന്നു. | > സംഖ്യാകാർഡുകൾ നൽകുന്നു.<br>> സംഖ്യാകാർഡിലെ സംഖ്യകൾ കൂട്ടി തിരിച്ചറിഞ്ഞ് പൊതുവായി അവതരിപ്പിക്കുന്നു<br>> ഈർക്കിൽ മഞ്ചാടി ഉപയോഗിച്ച് സംഖ്യാബോധം ഉറപ്പിക്കൽ<br>> സ്വന്തമായി സംഖ്യാകാർഡ് നിർമിക്കൽ | | | |
| 2. | സങ്കലനം, വ്യവകലനം, ഗുണനം (2,5,10) എന്നീ ക്രിയകൾ പ്രാവീണ്യം ഉപയോഗിച്ച് പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു | > സംഖ്യാകാർഡുകൾ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ<br>> ക്ലാസിൽ ഒരു കളിച്ചന്ത തയ്യാറാക്കൽ<br>> കടയിലേക്ക് ഒരു യാത്ര<br>> വിലവിവരപട്ടിക വിവരശേഖരണം<br>> അബാക്കസ്, സംഖ്യാപോക്കറ്റുകൾ തുടങ്ങിയവ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ. | | | |

| | | | | | | |
|---|---|---|---|---|---|---|
| 3. | കറൻസികൾ പരിചയപ്പെടൽ, വ്യവഹാരക്രിയകൾ ചെയ്യൽ | > വിവിധതരം നാണയങ്ങൾ പ്രദർശനം.<br>> നാണയങ്ങൾ കറൻസികൾ ക്ലാസിൽ പ്രദർശിപ്പിക്കുന്നു.<br>> കളിനോട്ട് പ്രദർശനം നിർമ്മാണം<br>> കളിനോട്ടുമായി ബന്ധപ്പെട്ട് കളിച്ചന്തകൾ<br>> കളിനോട്ട് വച്ച് കളി | | | | |
| 4. | കലണ്ടർ പരിചയപ്പെടൽ അതുമായി ബന്ധപ്പെട്ട പാറ്റേണുകൾ | > കലണ്ടർ പ്രദർശനം<br>> കലണ്ടർ നിർമ്മാണം<br>> പാറ്റേൺ നിർമ്മാണം<br>> വിവിധതരം കലണ്ടറുകളുടെ ശേഖരണം<br>> മലയാളമാസങ്ങൾ ഇംഗ്ലീഷ്മാസങ്ങൾ പട്ടിക തയ്യാറാക്കൽ<br>> വിശേഷദിവസങ്ങൾ പതിപ്പ് തയ്യാറാക്കൽ<br>> പാറ്റേണുകൾ | | | | |
| 5. | യുക്തിചിന്ത ഗണനങ്ങൾ എന്നിവയിൽ പ്രാവീണ്യം നേടൽ | > യുക്തിചിന്ത വളർത്തുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യൽ<br>> പാറ്റേണുകൾ പൂർത്തിയാക്കൽ<br>> അബാക്കസ് | | | | |

| | | | | | | |
|---|---|---|---|---|---|---|
| 6. | ജ്യാമിതീയ രൂപങ്ങൾ പരിചയപ്പെടൽ, ത്രികോണം, വൃത്തം, ചതുരം | > കാർഡ് ബോർഡ്/തെർമോക്കോൾ ഉപയോഗിച്ചുള്ള വീട് നിർമാണം.<br>> തീപ്പെട്ടിക്കൂടുകൾ - രൂപങ്ങൾ നിർമ്മിക്കൽ<br>> ത്രികോണം, വൃത്തം, ചതുരം ഉപയോഗിച്ചുള്ള പാറ്റേൺ നിർമാണം.<br>> ജ്യാമിതീയ രൂപങ്ങൾ ഉപയോഗിച്ചുള്ള ചിത്രരചന | | | | |
| | Std III | | | | | |
| 1. | 100 – 1000 വരെയുള്ള സംഖ്യാബോധം. | കളിനോട്ടുകൾ, നാണയങ്ങൾ, ടോക്കണുകൾ മഞ്ചാടി, മുത്ത്, സംഖ്യാകാർഡ്, ബണ്ടിൽ എന്നിവ ഉപയോഗിച്ച് സംഖ്യാബോധം ഉണ്ടാക്കൽ. | 3 മാസം | | | |
| 2. | മൂന്നക്ക സംഖ്യകളുടെ സങ്കലനം. | സംഖ്യാകാർഡ്, കളിനോട്ട്, ബെൽസ്, സംഖ്യാപോക്കറ്റ് | 2 മാസം | | | |
| 3 | വ്യവകലനക്രിയകൾ ഉപയോഗിച്ച് നിത്യജീവിതത്തിലെ പ്രശ്നപരിഹാരം നടത്തുന്നു. | > കളിനോട്ടുകൾ ഉപയോഗിച്ച് കളികളിലൂടെയുള്ള പ്രവർത്തനങ്ങൾ, കടക്കാരൻ വിൽപന, വാങ്ങുന്നയാൾ എന്നിവയിലൂടെ പ്രശ്നപരിഹാരം നടത്തുന്നു. | 2 മാസം | | | |
| 4. | ഗണിതപഠനത്തിൽ അഭിരുചി വളർത്തൽ | > ക്ലാസിൽ ഗണിതലാബ്<br>> ഗണിതോപകരണങ്ങൾ ശേഖരിക്കൽ തയ്യാറാക്കൽ | | | | |

| | | | | | |
|---|---|---|---|---|---|
| 5. | ജ്യാമിതീയ ചിത്രവും കാഴ്ചപ്പാടും അന്വേഷണങ്ങളും വികസിപ്പിക്കുന്നു. | കളിപ്പാട്ട നിർമ്മാണ ശിൽപശാല | | | |
| 6 | ക്ലോക്ക്, വാച്ച് നോക്കി സമയം പറയുന്നു കലണ്ടറിൽ നിന്നുള്ള വിവരശേഖരണം. | ക്ലോക്ക് നിർമ്മാണക്കളരി, കലണ്ടർ നിർമ്മാണം | | | |
| 7. | നീളം, ഉള്ളളവ് തൂക്കം നിത്യജീവിതത്തിൽ ഇവയുടെ വിവിധ യൂണിറ്റുകൾ മനസ്സിലാക്കുന്നു | മെട്രിക് മേള ക്ലാസിലൊരു കട | | | |
| 8. | ഗണിതപരമായ പ്രശ്നാവസ്ഥ പരിഹരിക്കൽ | അടിസ്ഥാന ആശയങ്ങൾ പട്ടികപ്പെടുത്തൽ, പ്രിന്റ് സംഖ്യാബോധം ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വർക്ക്ഷീറ്റുകൾ. | | | |
| | ക്ലാസ് IV | | | | |
| 1. | നാലക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു. | > സംഖ്യാകാർഡ്<br>> സ്ഥാനവില പോക്കറ്റ്<br>> അബാക്കസ്<br>> കളിനോട്ടുകൾ | | | |

| | | | | | |
|---|---|---|---|---|---|
| 2. | നാണയം, നീളം, ഭാരം തുടങ്ങിയ അളവുകളെക്കുറിച്ച് ധാരണ നേടുന്നു. | നിത്യജീവിതവുമായി ബന്ധപ്പെട്ട നാണയങ്ങളുമായുള്ള വിവരവും ക്ലാസിൽ ചർച്ച<br>> പഠനോപകരണ നിർമ്മാണം. (ത്രാസ് തട്ടുവിൽ, ത്രാസ് etc)<br>> ഭാരം എന്ന ആശയവുമായി ബന്ധപ്പെട്ട് പലചരക്ക് കട | | | |
| 3. | ഗുണനം, ഹരണം തുടങ്ങിയ ക്രിയകൾ മനസ്സിലാക്കുന്നു. | > പ്രായോഗിക പ്രവർത്തനങ്ങൾ<br>> സംഖ്യാകാർഡുകൾ ഉപയോഗിച്ചുള്ള പ്രവർത്തനം.<br>> നാണയങ്ങൾ, കളിനോട്ടുകൾ ഉപയോഗിച്ച് ക്ലാസിൽ കളി സംഘടിപ്പിക്കൽ<br>> വർക്ക്ഷീറ്റുകൾ | | | |
| 1. | ഭിന്നസംഖ്യ എന്ന ആശയം രൂപീകരിക്കൽ | > അര, കാൽ, മുക്കാൽ എന്നീ ഭാഗങ്ങളാക്കാനുള്ള പ്രായോഗിക സന്ദർഭങ്ങൾ ക്ലാസിൽ ഒരുക്കുന്നു.<br>> കടലാസിലും, ബോർഡിലും രൂപങ്ങൾ മുറിച്ച് നിശ്ചിത ഭാഗം ചിത്രീകരിക്കൽ | | | |

| | ആരോഗ്യ | കായിക വിദ്യാഭ്യാസം. | | | |
|---|---|---|---|---|---|
| 1 | കായികപരിശീലനം | ഉചിതമായ രീതിയിൽ ശരീരത്തെ ചലിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, ഓട്ടം ചാട്ടം, High jump Long jump പരിശീലനം. | 1 yr. | കളി-ഉപകരണങ്ങൾ | PTA Trs |
| 2 | യോഗ. | കുട്ടിയുടെ ശാരീരിക മാനസിക ഉല്ലാസം വിദഗ്ദരുടെ സഹായത്തോടെ യോഗാഭ്യാസം കുട്ടികളുടെ സംഘടിപ്പിക്കുന്നു. | Continuous Process | | Trs. |
| 3 | വ്യായാമ-മുറകൾ | അസംബ്ലിയിൽ നിരന്തരമായി വ്യായാമമുറകൾ ചെയ്യുന്നു. | Continuous Process | കളിഉപകരണങ്ങൾ | Trs. |

## ഹരിതവിദ്യാലയം

| Sl No | Programme | Activity | കാലാവധി | [illegible] | [illegible] | സാമ്പത്തികം |
|---|---|---|---|---|---|---|
| 1 | ശിശു-സൗഹൃദ വിദ്യാലയം | ഔഷധ സസ്യത്തോട്ടം<br>പൂന്തോട്ട നിർമ്മാണം<br>പച്ചക്കറിത്തോട്ടം<br>ശലഭോദ്യാനം<br>സ്കൂൾ പച്ചപ്പും<br>തണലും ഒരുക്കുക. | continuous process. | രക്ഷിതാക്കളും കുട്ടികളും | Trs<br>PTA | |

| Sl. No | Programme | Activity | കാലാവധി | ചുമതല | |
|---|---|---|---|---|---|
| | ലഹരിവസ്തുക്കളുടെ ഉപയോഗം പുതുതലമുറയിൽ നിന്ന് ഒഴിവാക്കുക. | ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുവാനും ലഹരിയുടെ ദോഷവശങ്ങൾ വ്യക്തമാക്കുന്ന short films കൾ പ്രദർശിപ്പിക്കുന്നു. കൂടാതെ ചാർട്ടിൽ എഴുതി പ്രദർശിപ്പിക്കുന്നു | 1 yr | TRS SRG SMC PTA | |
| | സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചുള്ള അറിവ് | ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. പോലീസ് മേധാവികളുടെ കൗൺസിലിങ് നടത്തുന്നു. | 1 yr | Trs. PTA SRG. | |

## പ്രതീക്ഷിത നേട്ടങ്ങൾ

- ☆ ശിശു സൗഹൃദ പരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.
- ☆ സ്കൂൾ സമൂഹത്തിൽ എന്ന ആശയം സാക്ഷാത്കരിക്കുന്നു
- ☆ വിദ്യാലയ പ്രവേശന നിരക്ക് വർദ്ധിക്കുന്നു.
- ☆ മതനിരപേക്ഷ സമൂഹത്തെ നിലനിർത്താൻ കഴിയുന്നു.
- ☆ വിദ്യാഭ്യാസരംഗത്തെ ഗുണകരമല്ലാത്ത പ്രവർത്തനങ്ങൾക്ക് തടയിടുവാൻ കഴിയുന്നു.

" കുട്ടികളുടെ പ്രകൃതി എന്ന അമ്മയിലേക്ക് അടുപ്പിച്ച് ഭാവി ഭാസുരമാകുന്നു "